**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 730** **06-12-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി, എടവണ്ണപ്പാറ, മുണ്ടക്കുളം, കാരാട്, പുളിക്കൽ എന്നീ വൈദ്യുത സെക്ഷനുകൾക്ക് കീഴിൽ കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ വൈദ്യുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ദ്യുതി, RDSS എന്നീ പദ്ധതികളിലായി കൊണ്ടോട്ടി സെക്ഷന് കീഴിൽ 854.31 ലക്ഷം രൂപയുടെയും അരീക്കോട് സെക്ഷന് കീഴിൽ 379.38 ലക്ഷം രൂപയുടെയും മുണ്ടക്കുളം സെക്ഷന് കീഴിൽ 501.24 ലക്ഷം രൂപയുടെയും കാരാട് സെക്ഷന് കീഴിൽ 480.56 ലക്ഷം രൂപയുടെയും പുളിക്കൽ സെക്ഷന് കീഴിൽ 481.01 ലക്ഷം രൂപയുടെയും എടവണ്ണപ്പാറ സെക്ഷന് കീഴിൽ 362.40 ലക്ഷം രൂപയുടെയും പദ്ധതികൾ ആണ് നിലവിൽ ഉള്ളത്. |
| (ബി) | പുളിക്കൽ 110 കെ.വി. സബ്സ്റ്റേഷനുള്ള സ്ഥലമെടുപ്പ്, കൊണ്ടോട്ടി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കൽ എന്നിവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (ബി) | **പുളിക്കൽ സബ്സ്റ്റേഷൻ**<br><br>110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി പുളിക്കൽ പഞ്ചായത്തിൽ 1.5 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സബ്സ്റ്റേഷൻ ഓട്ടോമേഷൻ ഉൾപ്പെടുത്തിയുള്ള പുതുക്കിയ DPR ന് അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്. ഭരണാനുമതി നൽകിയതിന് ശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവുന്നതാണ്.<br><br>**കൊണ്ടോട്ടി സബ്സ്റ്റേഷൻ**<br><br>33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കൊണ്ടോട്ടി മുനിസിപ്പാലിറ്റി 22 സെന്റ് സ്ഥലം KSEBL-ന് ലഭ്യമാക്കുന്നതിനുള്ള പ്രമേയം പാസ്സാക്കി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ വൈദ്യുത പദ്ധതികൾക്കായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (സി) | സമർപ്പിച്ചിട്ടില്ല. റീ ബിൽഡ് കേരള പദ്ധതികളിൽ ഉൾപ്പെടുത്തിയ വൈദ്യുതി പദ്ധതികൾ ഒന്നും തന്നെ കൊണ്ടോട്ടി മണ്ഡലത്തിൽ ഇല്ല. |
| (ഡി) | വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി | (ഡി) | നിലവിൽ ദ്യുതി, RDSS പദ്ധതികളിലായി |

| | | | |
|---|---|---|---|
| | പുതിയ ഏതെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | കൊണ്ടോട്ടി മണ്ഡലത്തിന് കീഴിലുള്ള കൊണ്ടോട്ടി, പുളിക്കൽ, കാരാട്, മുണ്ടക്കുളം, എടവണ്ണപ്പാറ സെക്ഷനുകളിലായി താഴെ പറയുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1. എൽ.റ്റി ലൈൻ കൺവെർഷൻ - 26.38 കി.മി.<br><br>2. എൽ.റ്റി ലൈൻ നിർമ്മാണം - 23.65 കി.മി.<br><br>3. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത് - 60 എണ്ണം<br><br>4. ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി - 2 എണ്ണം |

സെക്ഷൻ ഓഫീസർ